കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്--ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിയമാനുസൃതമല്ലാത്ത തീരുമാനം-കേരള പഞ്ചായത്ത് രാജ് നിയമം 191 (4)-ാം വകുപ്പ് പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും 191 (2)-ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻെറ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (സാധാരണ) നം. 526/2013/തസ്വഭവ തിരുവനന്തപുരം, തീയതി 7.3.2013

---

പരാമർശം:- 1) തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17.7.12 -ലെ 259/2012-ാം നമ്പർ തീരുമാനം

2) തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.8.12-ലെ 265/2012-ാം നമ്പർ തീരുമാനം

3) തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.8.12-ലെ എ4-14946/10 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,വയനാടിൻെറ 31.12.12-ലെ എ8-4097/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ സർവ്വേ നമ്പർ 15/1 എ യിൽപ്പെട്ട സ്ഥലത്തെ കലാപോഷിണി ഗ്രന്ഥശാലാ കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടം റോഡിൽ നിന്നും 2.6 മീറ്റർ അകലം മാത്രമേ പാലിക്കുന്നുള്ളുവെന്നും ആയത് കേരള പഞ്ചായത്ത് രാജ് ആക്ട് 220(ബി) , കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 28 എന്നിവ ലംഘിച്ച് നിർമ്മിച്ചതിനാൽ നമ്പർ അനുവദിക്കുവാൻ നിർവ്വാഹമില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി വിയോജനകുറിപ്പിൽ രേഖപ്പെടുത്തി. പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം ചർച്ച

ചെയ്യുകയും എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പണിത വായനശാല കെട്ടിടമായതിനാലും നാലു വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതുമായ സ്ഥാപനത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതാണെങ്കിലും ഒരു പൊതുസ്ഥാപനമെന്ന നിലയ്ക്ക് കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് നമ്പർ അനുവദിക്കുവാനുള്ള മുൻ നിലപാടിൽ ഉറച്ചു നിൽക്കുകയും ചെയ്തു. കേരള പഞ്ചായത്ത് രാജ് ആക്ട് 220(ബി) പ്രകാരം ഗ്രാമപഞ്ചായത്ത് നോട്ടിഫൈ ചെയ്തതും പഞ്ചായത്തിലെ പ്രധാനപ്പെട്ട പി ഡബ്ളിയു റോഡ് ആയതിനാലും പ്രസ്തുത റോഡിനോട് ചേർന്ന് കെട്ടിടം നിർമ്മിക്കുമ്പോൾ കുറഞ്ഞത് മൂന്നു മീറ്റർ ദൂരപരിധി പാലിക്കേണ്ടതാണെന്നും കൂടാതെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 28 പ്രകാരവും മൂന്നു മീറ്റർ നിബന്ധന പാലിക്കേണ്ടതാണെന്നും പ്രസ്തുത നിബന്ധന പാലിക്കാതെയുള്ള നിർമ്മാണമായതിനാൽ വായനശാലാ കെട്ടിടത്തിന് നമ്പർ നൽകുന്നതിന് യാതൊരുവിധ ഇളവും അനുവദിക്കുവാൻ കഴിയുകയില്ല എന്ന് പരാമർശം (3) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. പരാമർശ (4) പ്രകാരമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാടിൻെറ റിപ്പോർട്ടിലും പരാമർശ നിർമ്മാണം നിശ്ചിത ദൂരപരിധി പാലിച്ചിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 220(ബി), കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 28 എന്നിവ ലംഘിച്ചു നിർമ്മിച്ച നിർമ്മാണത്തിന് നമ്പർ അനുവദിക്കുവാനുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് നിയമ സാധുതയില്ലാത്തതിനാൽ ആയതിന് നമ്പർ നൽകുവാൻ കഴിയുകയില്ലായെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നിലപാട് ശരിയാണെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ പരാമർശം ഒന്നും, രണ്ടും പ്രകാരമുള്ള തീരുമാനങ്ങൾ സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 191-ാം വകുപ്പിൽ അനുശാസിക്കുന്ന നടപടി ആവശ്യമാണ്.

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം പരാമർശം ഒന്ന്, രണ്ട് പ്രകാരമുള്ള തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൻെറ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (4) -ാം വകുപ്പു പ്രകാരം അന്തിമ ഉത്തരവിനു വിധേയമായി സ്റ്റേ ചെയ്തു കൊണ്ടും സെക്ഷൻ 191 (2) പ്രകാരം ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. രാജൻ ഖൊബ്രഗഡെ

ഗവൺമെൻറ് സെക്രട്ടറി

1) സെക്രട്ടറി,
   തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ
   മൂന്നാം നില, സാഫല്യം കോംപ്ളക്സ്, പാളയം , യൂണിവേഴ്സിറ്റി പോസ്റ്റ്
   തിരുവനന്തപുരം - 695 034
2) പ്രസിഡൻറ് /സെക്രട്ടറി
   തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് , വയനാട്
3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല.
4) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ